From Rt. Rev. Dr. Euyakim Mar Coorilos Episcopa, the President of the Marthoma Sunday School Samajam of the Mar Thoma Syrian Church of Malabar

**Circular No. 47**

Dearly beloved in Christ,

One of the most important ministries which the Lord has entrusted us is to ‘feed my sheep’. I’m grateful that the Marthoma Sunday School Samajam, is continuing this ministry for the past 111 years. True to its motto, ‘Come to Jesus, bring every child to Jesus’, the Samajam has been instrumental in building many a generation in Christ Jesus. World Sunday School Day celebrations remind us of the Sunday School movement pioneered by Robert Raikes, and the responsibility to groom our children as disciples of Christ. We celebrate this year’s World Sunday School Day on November 6th. The special worship order, which is approved by our Metropolitan, must be used on that day. The participation of both the students and teachers during Worship must be ascertained. The offertory for that day, both in covers and otherwise, must be submitted to the Samajam office and the receipt must be obtained.

We must be able to see it as an opportunity for Christian witness, when we jointly celebrate World Sunday Day with other churches. Our celebrations become meaningful when we involve and respond to the needs to the Church and society. Let us take part in the activities of Ashraya, Kollam, the Navathy project, and Sugandhigiri, Waynad, which is the Centenary project of the Samajam. Encourage committed youths to serve the Samajam in the activities like Mission to Schools, Mission to Parishes, VBS and so on.

Also, we have begun the construction work of the Secretaries’ Quarters, a Goddown for our textbooks and the renovation of the Camp center in Charalkunnu. I have informed you about the collection of funds and resources for these projects through Circular No. 41. Adhering to the directives from the Samajam, and with the association of the parishioners, I request all the respected Achens, former Sunday School students, parents, Headmasters/mistresses, teachers, and students to wholeheartedly participate in this endeavour and make it a success.

The cooperation we have received, and continue to receive from you, for the Samajam is indeed admirable. May God help us to continue working together in this ministry.

From the Ursalem Aramana on October 5, 2016,



**Dr. Euyakim Mar Coorilos Episcopa**

and discernment to study well. Help me to grow in your Spirit and in your Grace. Amen.

**Benediction**

May the unfailing love of our God- the grace of Jesus Christ, through whom we are redeemed- and the fellowship of the Holy Spirit who sanctifies and inspires us, be with us, now and forevermore. Amen.



# Mar Thoma Sunday School Samajam

## World Sunday School Day

## November 6, Sunday, 2016

### *Order of Worship*

(Approved by H.G Metropolitan of the Mar Thoma Church)

**Song**

**Kauma**

**Opening Prayer**

O Lord God, we bow before you, for giving us another opportunity to come to your presence. We exalt you, for your grace that we experience in the different stages of our lives. We recognize that the guidance we receive from our parents and elders, during our infancy-childhood-teenage and our adolescent years, are signs of your love. Help us to obey you and live for you always. Amen.

**Prayer of Confession**

Let us confess our sins before the presence of the Almighty God. After each prayer, our response shall be, ‘Forgive us’.

1-Despite knowing that ‘Obedience is better than sacrifice, and to heed is the better than the fat of rams’, we have often been absent minded during worship, and have shown disinterest in learning your Word. O God… ***Forgive us.***

2- Even though you taught us to 'offer our bodies as a living sacrifice, holy and pleasing to God', we have often fallen for the temptations of the world. O God… ***Forgive us.***

3- In spite of learning from your Word, 'Ask and it will be given to you; seek and you will find; knock and the door will be opened to you', we have often been impatient, hasty and restless about fulfilling our needs. O God… ***Forgive us.***

**Thanksgiving Prayer**

Let us thank God for all his blessings. After each prayer, our response shall be, 'We thank you'.

1- For the opportunity to learn your Word through the Sunday School, and for the spiritual discipline that we receive from our Sunday School teachers, parish priests, evangelists and elders. O Lord..***We thank you.***

2- For the evangelistic vision and the inspiration we receive, through the various institutions of the Church. O Lord.. ***We thank you.***

3- For the various Sunday School camps, programs, conferences and for projects like Ashraya, Kollam and Sugandhigiri, Wayanad, that help us to lead a life of good witness.

O Lord.. ***We thank you.***

4- For your gift of our parents, families, and friends, who loves, disciplines and takes care of us in the various stages of our growth. O Lord.. ***We thank you.***



**Intercessory Prayer**

Let us pray for others and their needs. After each prayer, our response shall be, 'Hear our prayer'.

1- For the leaders of our church, especially our respected Metropolitan, Valiya Metropolitan, Suffragan Metropolitan, Episcopas, Priests, Evangelists, Sevinis, and the laity of our church. Lord in your mercy.. ***Hear our prayer.***

2- For the Sunday School President, General Secretary, Assistant Secretary, Office bearers of the Samajam, Managing Committee members, Office staff and for the entire Samajam family. Lord in your mercy.. ***Hear our prayer.***

3- For the differently abled children, for the relief and freedom of children in war affected areas and the ones who are forced into child labour. Lord in your mercy.. ***Hear our prayer.***

4- For the ongoing construction work and the financial needs of the Samajam, especially the Secretaries' Quarters, and the renovation of the Camp Center at Charalkunnu. Lord in your mercy.. ***Hear our prayer.***

5- For the upcoming programs of the Samajam next year, especially the Students' Camps, Teachers' Conventions, VBS programs, Syllabus preparation and for all those are associated with it. Lord in your mercy.. ***Hear our prayer.***

**Dedication Prayer**

Lord Jesus, I submit myself before you. Accept my dedication and enable me to live for you. Grant me your wisdom, good health

## മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സണ്ടേസ്കൂൾ സമാജം പ്രസിഡന്റ് ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പയിൽ നിന്നും

**സർക്കുലർ നമ്പർ. 47**

കർത്താവിൽ പ്രിയരെ,

ദൈവം സഭയെ ഏൽപിച്ച പരമപ്രധാനമായ ശുശ്രൂഷയാണല്ലോ 'ആടുകളെ മേയിക്കുക' എന്നത്. ഈ നിയോഗം സ്വീകരിച്ച് നമ്മുടെ സഭ അതിന്റെ അടിസ്ഥാന പ്രസ്ഥാനമായ മാർത്തോമ്മാ സണ്ടേസ്കൂൾ സമാജത്തിലൂടെ 111 വർഷം പ്രസ്തുത ശുശ്രൂഷ നിറവേറ്റി മുന്നേറുന്നു എന്നുള്ളത് എത്രയും ചാരിതാർത്ഥ്യജനകമാണ്. 'യേശുവിങ്കലേക്ക് വരിക, ഓരോ കുട്ടിയേയും യേശുവിങ്കലേക്ക് നയിക്കുക.' എന്ന ആപ്തവാക്യം ഉയർത്തി അനേക തലമുറ കളെ യേശുകർത്താവിൽ വളർത്തുന്നതിനും ഉറപ്പിക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. റോബർട്ട് റെയ്ക്സിലൂടെ ആരംഭിച്ച സണ്ടേസ്കൂൾ പ്രസ്ഥാനം കുട്ടികളെ ക്രിസ്തു ശിഷ്യരാക്കുന്ന നിയോഗം ഒരിക്കൽ കൂടി സ്മരിക്കുന്നതിനും പുതുക്കുന്നതിനുമുള്ള അവസരമാണല്ലോ അഖിലലോക സണ്ടേസ്കൂൾ ദിനാഘോഷം. ഈ വർഷം അഖില ലോക സണ്ടേസ്കൂൾ ദിനാചരണം 2016 നവംബർ 6-ാം തീയതിയാണ് കൊണ്ടാടുന്നത്. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അനുവാദത്തോടെ തയ്യാറാക്കിയ പ്രത്യേക ശുശ്രൂഷാക്രമം അന്നേ ദിവസം ഉപയോഗിക്കണം. പ്രസ്തുത ശുശ്രൂഷയിൽ അദ്ധ്യാപകരുടെയും കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. ആരാധനാമദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച്ച കവറിൽ ഇടുന്നതും, അല്ലാതെ യുമുള്ള മുഴുവൻ സ്തോത്രകാഴ്ച്ചയും സമാജം ഓഫീസിൽ താമസംവിന അടച്ച് രസീത് വാങ്ങേ ണ്ടതാണ്.

സഹോദരി സഭകളോട് യോജിച്ച് അഖിലലോക സണ്ടേസ്കൂൾ ദിനത്തിന്റെ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത് ക്രൈസ്തവ സാക്ഷ്യത്തിനുള്ള വേദിയായി കണക്കാ കണം. നമ്മുടെ ആഘോഷങ്ങൾ അർത്ഥവത്തായിത്തീരുന്നത് സഭയുടെയും സമൂഹത്തി ന്റെയും ആവശ്യങ്ങളിൽ നാം പങ്ക് ചേരുന്നതിലൂടെയാണ്. സമാജം നവതി പദ്ധതിയായ കൊല്ലം ആശ്രയ, ശതാബ്ദി പദ്ധതിയായ സുഗന്ധഗിരി പദ്ധതി എന്നിവയിൽ നമുക്ക് പങ്ക് ചേരാം. മിഷൻ ടു പാരീഷ്, മിഷൻ ടു സ്കൂൾ, വി.ബി.എസ് എന്നീ ദൗത്യ ശുശ്രൂഷയ്ക്ക് സമർപ്പണമുള്ള യുവതീയുവാക്കന്മാരെ സമാജവുമായി ബന്ധിപ്പിച്ച് പ്രവർത്തിക്കുവാനുള്ള അവസരം ഉപയോഗിക്കണം.

കൂടാതെ സമാജത്തിന്റെ സെക്രട്ടറിമാർക്കുള്ള വസതി, പാഠപുസ്തകങ്ങൾ ശേഖരിച്ച് വയ്ക്കുന്നതിനുള്ള ഗോഡൗൺ, ചരൽക്കുന്ന് ക്യാമ്പ് സെന്ററിന്റെ നവീകരണം എന്നിവയുടെ പണികൾ ആരംഭിച്ചു കഴിഞ്ഞു. ആയതിലേക്കുള്ള വിഭവ സമാഹരണത്തിന്റെ അറിയിപ്പ് 41-ാം സർക്കുലറായി ഏവരെയും അറിയിച്ചിട്ടുള്ളത് ഓർക്കുമല്ലോ. സമാജം ആഫീസിൽ നിന്നും ലഭിക്കുന്ന നിർദ്ദേശത്തിനനുസരിച്ച് ഇടവക ജനങ്ങളുടെ പങ്കാളിത്വത്തോടെ അതത് സണ്ടേസ്കൂൾ കേന്ദ്രീകരിച്ചുള്ള സാമ്പത്തിക വിഭവ ശേഖരണം വിജയിപ്പിക്കുവാൻ ബഹു. അച്ചന്മാരും, സണ്ടേസ്കൂൾ പൂർവ്വവിദ്യാർത്ഥികൾ, മാതാപിതാക്കൾ, സണ്ടേസ്കൂൾ പ്രധാനാദ്ധ്യാപകർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് ഉത്സാഹിക്കണം. സണ്ടേസ്കൂൾ സമാജം പ്രവർത്തനത്തിൽ കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ ഓരോരുത്തരിൽ നിന്നും ലഭിച്ചിട്ടുള്ള സഹക രണം ശ്ലാഘനീയമാണ്. തുടർന്നും ഈ ഉദ്യമത്തിൽ നമുക്ക് ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കു വാൻ ദൈവം നമ്മെ സഹായിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2016 ഒക്ടോബർ 5-ാം തീയതി കൊട്ടാരക്കര ഊർശലേം അരമനയിൽ നിന്ന്,

EMCorilos

**ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ**

## സമർപ്പണപ്രാർത്ഥന

കർത്തവായ യേശുവേ, ഞാൻ എന്നെത്തന്നെ നിനക്കായി സമർപ്പിക്കുന്നു. എന്റെ പ്രതിഷ്ഠയെ നീ കൈക്കൊള്ളേണമേ. നിനക്കായി ജീവിക്കുവാൻ എന്നെ ശക്തീകരിക്കേണമേ. പഠിക്കുന്നതിന് ആരോഗ്യവും, ബുദ്ധിയും, വിവേകവും തരേണമേ. പരിശുദ്ധാത്മാവിലും ദൈവകൃപയിലും വളർന്നുവരുവാൻ സഹായിക്കണമേ. ആമേൻ.

## ആശീർവ്വാദം

നിത്യസ്നേഹത്താൽ നമ്മെ സ്നേഹിച്ച പിതാവായ ദൈവത്തിന്റെ സ്നേഹം, തന്റെ രക്തത്താൽ നമ്മെ വീണ്ടെടുത്ത യേശുക്രിസ്തുവിന്റെ കൃപ, നിരന്തരമായി നമ്മെ ശുദ്ധീകരിച്ച് ദൗത്യത്തിന് കർമ്മോത്സുകനാക്കുന്ന പരിശുദ്ധാത്മാവിന്റെ കൂട്ടായ്മ നാമേവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ആമേൻ.



# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

## അഖില ലോകസൺഡേസ്കൂൾ ദിനം

## 2016 നവംബർ 6 ഞായർ

## ആരാധനാക്രമം

(മാർത്തോമ്മാ മെത്രാപ്പോലീത്താ അംഗീകരിച്ചത്)

**പാട്ട്**

**കൗമ്മാ**

### പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ, ഇന്നേ ദിവസം നിന്റെ സന്നിധിയിൽ അടുത്തുവരുവാൻ ലഭിച്ച ഭാഗ്യത്തിനായി ഞങ്ങൾ തിരുസന്നിധിയിൽ വിനയപ്പെടുന്നു. മനുഷ്യജീവിതത്തിന്റെ വളർച്ചയുടെ വിവിധഘട്ടങ്ങളിൽ ലഭിക്കുന്ന കൃപകൾക്കായി നിന്നെ വന്ദിക്കുന്നു. പ്രത്യേകിച്ച് ശൈശവ-ബാല്യ-കൗമാര-യൗവന പ്രായത്തിൽ മാതാപിതാക്കളിലൂടെയും മുതിർന്നവരിലൂടെയും അദ്ധ്യാപകരിലൂടെയും ലഭിക്കുന്ന ആലോചനകൾ നിന്റെ സ്നേഹത്തിന്റെ അടയാളങ്ങളാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഏത് ജീവിതാനുഭവങ്ങളിലും നിന്നെ അനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

ആമേൻ.

**നമ്മുടെ കുറവുകളെ ദൈവസന്നിധിയിൽ നമുക്ക് ഏറ്റ് പറയാം. 'ഞങ്ങളോട് ക്ഷമിക്കണമേ' എന്ന് പ്രതിവാക്യമായി ചൊല്ലാം.**

1. 'അനുസരിക്കുന്നത് യാഗത്തേക്കാളും, ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും ഉത്തമം' എന്നറിഞ്ഞിട്ടും ആരാധനകളിൽ അശ്രദ്ധയും വചനപഠനത്തിൽ ഉത്സാഹക്കുറവും പുലർത്തിയത് ദൈവമേ...

പ്രതിവാക്യം : ഞങ്ങളോട് ക്ഷമിക്കണമേ.

2. 'നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി അർപ്പിപ്പിൻ' എന്ന് കല്പിച്ചിട്ടും ഞങ്ങൾ ലോകമയത്വത്തിന്റെ പ്രലോഭനങ്ങളിൽ ആകൃഷ്ടരായിപ്പോയത് ദൈവമേ...

പ്രതിവാക്യം : ഞങ്ങളോട് ക്ഷമിക്കണമേ.

3. 'യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും; ചോദിപ്പിൻ എന്നാൽ നിങ്ങൾക്ക് തരും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും' എന്ന് പഠിപ്പിച്ചിട്ടും ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിന് ധൃതിയും, അക്ഷമയും, തിടുക്കവും കാട്ടിയത് ദൈവമേ...

പ്രതിവാക്യം : ഞങ്ങളോട് ക്ഷമിക്കണമേ.

4. 'ശത്രുക്കളെ സ്നേഹിപ്പിൻ' എന്ന് നീ ഞങ്ങളോട് ആവശ്യപ്പെട്ടിട്ടും ജീവിതത്തിൽ അസൂയയും, അക്രമതാല്പര്യവും, പകയും, വിദ്വേഷവും മനസ്സിൽ സൂക്ഷിക്കുന്ന കുറവിനെ ദൈവമേ...

പ്രതിവാക്യം : ഞങ്ങളോട് ക്ഷമിക്കണമേ.

**ദൈവം നമുക്ക് ചെയ്യുന്ന എല്ലാ ഉപകാരങ്ങൾക്കുമായി സ്തോത്രം ചെയ്യാം. 'ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു' എന്ന് പ്രതിവാക്യമായി പറയാം.**

1. ദൈവവചനം പഠിക്കുന്നതിന് സൺഡേസ്കൂൾ പ്രസ്ഥാനത്തിലൂടെ ലഭിക്കുന്ന അവസരത്തിനായും, സൺഡേസ്കൂൾ അദ്ധ്യാപകർ, ഇടവക വികാരിമാർ, സുവിശേഷകർ, മുതിർന്നവർ എന്നിവരിലൂടെ ലഭിക്കുന്ന ആത്മീക ശിക്ഷണത്തിനായും ദൈവമേ...

പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു

2. സുവിശേഷ ദർശനത്തിൽ വളരുവാൻ സഭയുടെ വിവിധ സംഘടനകളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും ലഭിക്കുന്ന പ്രചോദനങ്ങൾക്കായി ദൈവമേ...

പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു

3. സാക്ഷ്യജീവിതം നയിക്കുന്നതിനായി നമ്മെ ഒരുക്കുന്ന സമാജത്തിന്റെ ക്യാമ്പുകൾ, കോൺഫറൻസുകൾ, കൊല്ലം ആശ്രയ, വയനാട്ടിലെ സുഗന്ധഗിരി പദ്ധതി എന്നിവയ്ക്കായും ദൈവമേ...

പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു

4. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ സ്നേഹവും കരുതലും ശിക്ഷണവും നൽകി താങ്ങും തണലുമായി വർത്തിക്കുവാൻ ദൈവം ഒരുക്കിയ മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, സ്നേഹിതർ എന്നിവർക്കായി ദൈവമേ..

പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.



**വിവിധ ആവശ്യങ്ങളെ ദൈവസന്നിധിയിൽ ഉയർത്തി പ്രാർത്ഥിക്കാം. ഓരോ പ്രാർത്ഥനയ്ക്കും ശേഷം 'ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ' എന്ന് പ്രതിവാക്യമായി പറയാം.**

1. സഭയ്ക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ മെത്രാപ്പോലീത്ത, വലിയ മെത്രാപ്പോലീത്ത, സഫ്രഗൻ മെത്രാപ്പോലീത്ത, എപ്പിസ്ക്കോപ്പാമാർ, പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, ആത്മായർ എന്നിവർക്കായി ദൈവമേ...

പ്രതിവാക്യം : ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

2. സൺഡേസ്കൂൾ സമാജം പ്രസിഡന്റ്, ജനറൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, സമാജം ഭാരവാഹികൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, സമാജം ഓഫീസ് പ്രവർത്തകർ, സമാജം കുടംബാംഗങ്ങൾ എന്നിവർക്കായി ദൈവമേ...

പ്രതിവാക്യം : ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

3. വ്യത്യസ്ത കഴിവുകൾ (differently abled) ഉള്ള കുട്ടികൾക്കായും, നിർബന്ധിത ബാലവേല ചെയ്യുന്ന കുട്ടികൾക്കായും, ഭീകര പ്രവർത്തനത്തിൽ ബലിയാടുകളാകുന്ന കുട്ടികൾക്കായും, സാമ്പത്തിക-സാമൂഹിക വേർതിരിവുകൾ അനുഭവിക്കുന്ന കുട്ടികളുടെ വീണ്ടെടുപ്പിനും സ്വാതന്ത്ര്യത്തിനും ആശ്വാസത്തിനുമായി ദൈവമേ...

പ്രതിവാക്യം : ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

4. സമാജത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളായ സെക്രട്ടറീസ് ക്വാർട്ടേഴ്സ്, ചരൽക്കുന്ന് ക്യാമ്പ് സെന്ററിലെ വിവിധങ്ങളായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റിത്തരണമെന്ന് ദൈവമേ...

പ്രതിവാക്യം : ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

5. അടുത്ത അദ്ധ്യായന വർഷത്തിൽ നടക്കുന്ന വിദ്യാർത്ഥി ക്യാമ്പുകൾ, അദ്ധ്യാപക കൺവൻഷനുകൾ, വി.ബി.എസ് പ്രവർത്തനങ്ങൾ, പാഠ്യപദ്ധതിയുടെ ഒരുക്കം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഏവരുടെയും പ്രവർത്തനങ്ങൾ സമാജത്തിന് ആകമാനം പ്രയോജനകരമായിത്തീരണമെന്ന് ദൈവമേ...

പ്രതിവാക്യം : ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ